(എഫ്) വിൽപ്പന നികുതി ഏകീകരണത്തിന്റെ ഭാഗമായി നികുതി നിരക്കുകളിൽ വ്യത്യാസം വന്ന വസ്തുക്കളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ജി) ദോഷകരമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്)(ഐ)&(ജെ) ഉണ്ട്. കുരുമുളക്, അടയ്ക്ക, ഏലം എന്നിവയുടെ നികുതി മറ്റു സംസ്ഥാനങ്ങൾക്ക് തുല്യമായി കുറച്ചിട്ടുണ്ട്. കൂടുതലായുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(കെ) പുതിയ നിരക്കുകൾ നടപ്പിലാക്കാത്ത സ്റ്റേറ്റുകളും, കേന്ദ്രഭരണ പ്രദേശങ്ങളും ഇത് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(എൽ) ഇക്കാര്യം വിലയിരുത്തുവാനുള്ള സമയമായിട്ടില്ല.

(എം&എൻ) വിൽപ്പന നികുതി വകുപ്പിലെ മൂന്നു ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരാതികൾ പ്രസ്തുത സമിതി പരിശോധിച്ച് പരിഹാര നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി കൃഷിപ്പണിയായുധങ്ങൾ, ബ്രഡ്, ഉപ്പ് എന്നിവയുടെ നികുതി പൂർണ്ണമായും എടുത്തു കളഞ്ഞിട്ടുണ്ട്. കുരുമുളക്, ഏലം, അടയ്ക്ക, ന്യൂസ് പ്രിന്റ് എന്നിവയുടെ നികുതി കുറയ്ക്കുകയും ചെയ്തു. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ചർച്ച ചെയ്ത് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നതാണ്.

12 (*72) ചെറുകിട സമ്പാദ്യ പദ്ധതികളുടെ പലിശ നിരക്ക്

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ.. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ചെറുകിട സമ്പാദ്യപദ്ധതികളുടെ പലിശ നിരക്ക് കേന്ദ്ര സർക്കാർ ഈയിടെ കുറച്ചത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഈ നടപടി സംസ്ഥാന പദ്ധതി വിഭവസമാഹരണത്തെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ദേശീയ സമ്പാദ്യ സർട്ടിഫിക്കറ്റ്; പോസ്റ്റാഫീസ് നിക്ഷേപം എന്നീ പദ്ധതികൾ വഴി സമാഹരിക്കുന്ന മൊത്തം തുകയുടെ എത്ര ശതമാനം സംസ്ഥാനത്തിന് വായ്പയായി നൽകുന്നതിനാണ് വ്യവസ്ഥ എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത വായ്പാത്തുക തിരിച്ചടയ്ക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ ലഘു നിക്ഷേപ പദ്ധതിയിൽ നിലവിലുള്ള കഴിഞ്ഞ മൂന്നു വർഷത്തെ വായ്പ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിന് എത്രകണ്ട് പ്രയോജനപ്രദമായി എന്നു വെളിപ്പെടുത്തുമോ;

(എഫ്) നാഷണൽ സേവിംഗസ് സർട്ടിഫിക്കറ്റ്, പോസ്റ്റാഫീസ് നിക്ഷേപം എന്നീ പദ്ധതികളുടെ പലിശ എത്ര ശതമാനം വീതമാണ് കേന്ദ്രം കുറച്ചതെന്ന് വെളിപ്പെടുത്തുമോ;

(ജി) ലഘു സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്ക് കേന്ദ്ര സർക്കാർ ഏകപക്ഷീയമായി കുറച്ച നടപടിയിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നടപടിമൂലം ബാങ്ക് പലിശ നിരക്ക് കേന്ദ്ര സർക്കാർ കുറച്ചുകൊണ്ടു വരുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ബാങ്ക് പലിശ നിരക്ക് കുറയുന്നതുമൂലം നിക്ഷേപം സ്വകാര്യ മേഖലയിലേയ്ക്ക് ഒഴുകാനിടയാകുന്നത് തടയാൻ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജെ) സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വിഭവ സമാഹരണത്തിന് സാധാരണ ജനങ്ങളുടെ ചെറിയ നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിന് ലഘു സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്ക് കുറച്ച നടപടി സംസ്ഥാനത്തിന് ബാധകമാകാതിരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പലിശനിരക്ക് കുറച്ചതു കൊണ്ട് ഈ വർഷത്തെ നിക്ഷേപ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതി വിഭവ സമാഹരണത്തിൽ കുറവ് അനുഭവപ്പെടുന്നതാണ്.

(സി) ഒരു സാമ്പത്തിക വർഷത്തിൽ നേടുന്ന മിച്ച നിക്ഷേപത്തിന്റെ 80%.

(ഡി) വായ്പ ലഭിച്ചാൽ ആദ്യത്തെ 5 വർഷത്തെ മോറട്ടോറിയം കഴിഞ്ഞ് പലിശ സഹിതം 20 വർഷംകൊണ്ട് ഗഡുക്കളായി തിരിച്ചടയ്ക്കണം. വായ്പയ്ക്ക് ഇപ്പോഴത്തെ പലിശ നിരക്ക് 12.5% ആണ്.

(ഇ) ഈ കാലയളവിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ദേശീയ സമ്പാദ്യ പദ്ധതി വിഹിതം കാര്യമായി പ്രയോജനപ്പെടുത്തി.

(എഫ്) 1% വീതം.

(ജി) അറിയിച്ചു. വികസന പ്രവർത്തനത്തെ ബാധിക്കുന്ന ഇത്തരം നടപടി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനും സമ്മതത്തിനും വിധേയമായി മാത്രമേ നടപ്പാക്കാവൂയെന്നും ഏകപക്ഷീയമായ കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്നും മുഖ്യമന്ത്രിവഴി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എച്ച്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിൽ വളരെയധികം പരിമിതികളുണ്ട് ഈ പ്രശ്നം സമഗ്രമായ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

(ജെ) കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

13 (*73) മണ്ഡരിരോഗബാധയെപ്പറ്റിയുള്ള സർവേ

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന ബോർഡ് സംസ്ഥാന കാർഷിക സർവകലാശാലയുമായി യോജിച്ച് കൊണ്ട് മണ്ഡരി രോഗംമൂലം നാളികേര ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവിനെപ്പറ്റി സർവേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ കീടബാധമൂലം നാളികേര ഉൽപ്പാദനത്തിൽ എന്തു കുറവ് വന്നിട്ടുണ്ട്;

(സി) കീടബാധ ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളത് ഏതെല്ലാം ജില്ലകളിലാണ്;

(ഡി) മണ്ഡരി ബാധമൂലം നാളികേര ഉൽപ്പാദനത്തിലുള്ള കുറവ് എത്ര കാലത്തെ വിളവെടുപ്പിൽ അനുഭവപ്പെടും;

(ഇ) ഈ രോഗം മൂലം നഷ്ടം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായം നൽകുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) കണക്കാക്കിവരുന്നു.

(സി) തൃശ്ശൂർ, എറണാകുളം, പാലക്കാട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലാണ്.

(ഡി) ഈ കുറവ് താൽക്കാലികമാണ്.

(ഇ) മണ്ഡരി ബാധയേറ്റ തെങ്ങുകളിൽ മരുന്നുതളി നടത്തുന്നതിന് തെങ്ങൊന്നിന് 6 രൂപ (മരുന്നിന്റെ വിലയും കൂലിച്ചെലവും അടക്കം) കൃഷി വകുപ്പ് നൽകുന്നതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെങ്ങൊന്നിന് 3 രൂപ സബ്സിഡിയായി നൽകുന്നതാണ്.

14 (*74) ലഘുസമ്പാദ്യ പദ്ധതിയുടെ പലിശനിരക്ക്

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly